## അദ്ധ്യായം പതിനാറ്

# യേശുവിന്റെ രോഗശാന്തി ശുശ്രൂഷ

**(The Healing Ministry of Jesus)**

യേശു ദൈവ പുത്രനായിരുന്നതുകൊട് ഇച്ഛാനുസരണം എപ്പോഴും ആർക്കുവേിയും അത്ഭുതം ചെയ്യാനും രോഗസൗഖ്യം കൊടുക്കാനും പ്രാപ്തനായിരുന്നു എന്ന് കരുതുന്നവരു്. ദിവ്യത്വത്തിന്റെ ഉദാത്തഭാവമായിരുന്നെങ്കിലും യേശു ഐഹിക ശുശ്രൂഷയിൽ നിയന്ത്രണത്തിന് വിധേയനായിരുന്നു എന്നുകാണാം. യേശു പറഞ്ഞു: "ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു പിതാവു ചെയ്തു കാണുന്നതല്ലാതെ പുത്രനു സ്വതവേ ഒന്നും ചെയ്യുവാൻ കഴിയുകയില്ല. അവൻ ചെയ്യുന്നതെല്ലാം പുത്രനും അവ്വണ്ണം തന്നെ ചെയ്യുന്നു" (യോഹ 5:19). യേശു പൂർണ്ണമായും പിതാവിനാൽ നിയന്ത്രിക്കപ്പെട്ടും വിധേയപ്പെട്ടും കാണപ്പെട്ടു എന്ന് ഇത് വെളിവാക്കുന്നു.

ദൈവികമായി തന്നിലുായിരുന്ന പലതും ത്യജിച്ച് യേശു മനുഷ്യരൂപം പൂു എന്ന് പൗലോസ് അഭിപ്രായപ്പെടുന്നു:

> ക്രിസ്തു യേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉായിരിക്കട്ടെ. അവൻ ദൈവരൂപത്തിലിരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പ ിടിച്ചുകൊള്ളേണം എന്ന് വിചാരിക്കാതെ ദാസരൂപം എടുത്ത് മനുഷ്യസാദൃശ്യത്തിലായി തന്നെത്തന്നാൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ അനുസരണയുള്ളവനായിത്തീർന്നു (ഫിലി 2:5-7).

യേശു എന്താണ് തന്നത്താൻ ഒഴിച്ചത്? തന്റെ മഹത്വമല്ല (ദിവ്യത്വമല്ല), തന്റെ വിശുദ്ധിയല്ല, തന്റെ സ്നേഹമല്ല, പിന്നെയോ തന്റെ അമാനുഷികമായ ശക്തിയുടെ സ്രോതസ് ആണ് യേശു ഒഴിച്ചത്. താൻ പ് ആയിരുന്നതുപോലെ ഇപ്പോൾ സർവ്വവ്യാപിയല്ല, സർവ്വജ്ഞാനിയല്ല, സർവ്വ ശക്തനുമല്ല. യേശു ഒരു മനുഷ്യനായിത്തീർന്നു. പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ട ഒരു മനുഷ്യനെപ്പോലെ താൻ ശുശ്രൂഷ ചെയ്തു. ഇതൊക്കെയും പരമ യാഥാർത്ഥ്യങ്ങളാണെന്ന് നാല് സുവിശേഷ ഭാഗങ്ങളിൽ നിന്നും വ്യക്തമാകും.

ഉദാഹരണത്തിന് യേശു, ദൈവപുത്രനായിരിക്കെ തന്റെ ശുശ്രൂഷ ആരംഭിക്കുന്നതിനുമുമ്പ്, 30-ാം വയസ്സിൽ, പരിശുദ്ധാത്മാഭിഷേകം (ആത്മസ്നാനം) ഏറ്റതിന്റെ ആവശ്യകത എന്താണ്? ദൈവം ദൈവത്തെ എ

ന്തിന് സ്നാനപ്പെടുത്തണം? ശുശ്രൂഷക്ക് പരിശുദ്ധാത്മാഭിഷേകം ആവശ്യമായിരുന്നതുകൊ് യേശു പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചു. ആത്മസ്നാനം പ്രാപിച്ച യേശു പ്രസംഗിച്ച വാക്കുകൾ ശ്രദ്ധിക്കുക: ''ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെ മേൽ ഉ്. ബദ്ധന്മാർക്ക് വിടുതലും, കുരുടന്മാർക്ക് കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു'' (ലൂക്കോ 4:18).

അപ്പോസ്തലനായ പൗലോസ് ഇങ്ങനെ പ്രസംഗിച്ചു: ''നസ്രയനായ യേശുവിനെ ദൈവം പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തു. ദൈവം അവനോടുകൂടെ ഇരുന്നുകൊ് അവൻ നന്മ ചെയ്തും പ ിശാച് ബാധിച്ചവരെ ഒക്കേയും സൗഖ്യമാക്കിയും കൊ് സഞ്ചരിച്ചതുമായ വിവരം തന്നേ നിങ്ങൾ അറിയുന്നുവല്ലോ?'' (അപ്ര 10:38).

പരിശുദ്ധാത്മാവിനാലും ശക്തിയാലും 30-ാം വയസ്സിൽ അഭിഷേകം പ്രാപിക്കുന്നതുവരെ യേശു ഒരു അത്ഭുതവും ചെയ്തില്ല. 25-ാംമത്തെ വയസ്സിൽ യേശു ദൈവപുത്രൻ ആയിരുന്നില്ലേ? തീർച്ചയായും. 30 വയസ്സുവരെ എന്തുകൊ് അത്ഭുതം ഒന്നും ചെയ്തില്ല. കാരണം ദൈവികമായ തന്റെ അമാനുഷികശക്തികളിൽ നിന്നൊഴിഞ്ഞ് പ രിശുദ്ധാത്മാവിനാൽ ശക്തീകരിക്കപ്പെടാൻ യേശു കാത്തിരുന്നു.

## ആത്മിക അഭിഷേകം പ്രാപിച്ച ഒരുവനെപ്പോലെ യേശു ശുശ്രൂഷ ചെയ്തുവെന്നതിന് കൂടുതൽ തെളിവുകൾ
## (More Proof that Jesus Ministered as a Man Anointed by the Spirit)

അമാനുഷികമായ പരിജ്ഞാനം യേശുവിന് പലപ്പോഴും ഉായിരുന്നു, എന്നാൽ ചിലപ്പോൾ യേശുവിന് ഇത് ഉായിരുന്നില്ലായെന്ന് സുവിശേഷ ഭാഗങ്ങളിൽനിന്നു നമുക്ക് കാണാവുന്നതാണ്. യേശു പലപ്പോഴും വിശദാംശങ്ങൾ അറിയാൻ ചോദ്യങ്ങൾ ചോദിച്ചിരുന്നു.

ഉദാഹരണത്തിന്, യേശു കിണറ്റിന്നരികിലെത്തിയ ശമര്യാക്കാരിയോടു അവൾക്ക് അഞ്ച് ഭർത്താക്കന്മാർ ഉായിരുന്നെന്നും ഇപ്പോൾ അവളോടുകൂടെ താമസിക്കുന്നവൻ അവളുടെ ഭർത്താവല്ലായെന്നും പറഞ്ഞു (യോഹ 4:17-18). യേശു ഇത് എങ്ങിനെ അറിഞ്ഞു? യേശു ദൈവമായിരുന്നതുകൊും, ദൈവം എല്ലാം അറിയുന്നതുകൊുമാണൊ? അല്ല, അങ്ങനെയായിരുന്നെങ്കിൽ യേശു ആ കഴിവ് നിരന്തരമായി പ്രായോഗികമാക്കുമായിരുന്നു. യേശു ദൈവവും എല്ലാം അറിയുന്നവനുമായിരുന്നെങ്കിലും, മനുഷ്യരൂപം എടുത്ത യേശു സർവ്വരൂപി എന്ന അവസ്ഥയെ ഒഴിവാക്കി. കിണറ്റിൻ കരയിലെത്തിയ ശമര്യാക്കാരിയുടെ വിവാഹബന്ധത്തെക്കുറിച്ചറിയാൻ പരിശുദ്ധാത്മാവ് പരിജ്ഞാനം എന്ന കൃപാവരം നൽകി (1 കൊരി 12:8) ഈ അമാനുഷിക ശക്തി

ഇന്ന്-ഇന്നലെകളെക്കുറിച്ചുള്ള അറിവു തരുന്നു. (പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങളെക്കുറിച്ച് അധികമായി നാം അടുത്ത അദ്ധ്യായത്തിൽ പഠിക്കും).

എപ്പോഴും എല്ലാറ്റിനെക്കുറിച്ചും യേശു അറിഞ്ഞിരുന്നോ? ഇല്ല. രക്തസ്രവക്കാരി യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങലിൽതൊട്ട് സൗഖ്യമാകുന്ന ശക്തി തന്നിൽനിന്ന് പുറപ്പെട്ടപ്പോൾ യേശു ചോദിച്ചു: "എന്റെ വസ്ത്രത്തിന്റെ തൊങ്ങലിൽ തൊട്ടതാര്?" (മർക്കോ 5:30). അത്തിമരത്തെ അകലെനിന്ന് യേശു കപ്പോൾ (മർക്കോ 11:13), അതിൽ എന്തെങ്കിലും കിട്ടുമെന്ന് കരുതി അടുത്തുചെന്നു.

തന്നെ തൊട്ടതാര് എന്ന് യേശു അറിയാതിരുന്നതെന്തുകൊ? അത്തിമരത്തിൽ അത്തിക്കായ് ഇല്ലായെന്ന് യേശു എന്തുകൊറിഞ്ഞില്ല. കാരണം യേശു ആത്മാവിന്റെ ഫലങ്ങൾ ഉള്ള അഭിഷക്തനായ ഒരു മനുഷ്യനെപ്പോലെയായിരുന്നല്ലോ? അത്മാവിന്റെ ഹിതമനുസരിച്ച് പ്രവർത്തിക്കുന്നതാണ് ആത്മാവിന്റെ ഫലങ്ങൾ (1 കൊരി 12:11, എബ്രാ 2:4) പരിശുദ്ധാത്മാവിന്റെ ദാനമായ പരിഞ്ജ്ജാനം എന്ന വരമില്ലാതെ യേശുവിന് അമാനുഷികമായ അറിവ് പ്രകടിപ്പിക്കാനാവില്ലായിരുന്നു.

യേശുവിന്റെ രോഗശാന്തി ശുശ്രൂഷയിലും ഇത് വാസ്തവമാണ്. ഏതൊരാളേയും ഏതു നേരത്തും യേശുവിന് സൗഖ്യമാക്കാൻ കഴിയില്ലായെന്ന് വചനം തെളിവു തരുന്നു. ഉദാഹരണത്തിന്, യേശു പിതൃനഗരമായ നസറേത്തിൽ എത്തി യേശുവിന് ആഗ്രഹിച്ചത് ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ലായെന്ന് മർക്കോസിന്റെ സുവിശേഷത്തിൽ നാം വായിക്കുന്നു.

> യേശു അവിടെ നിന്ന് പുറപ്പെട്ടു തന്റെ പിതൃ നഗരത്തിൽ ചെന്നു. അവന്റെ ശിഷ്യന്മാരും അനുഗമിച്ചു. ശബ്ബത്ത് ആയപ്പോൾ അവർ പള്ളിയിൽ ഉപദേശിച്ചു തുടങ്ങി. പലരും കേട്ടു വിസ്മയിച്ചു. ഇവനു ഇവ എവിടെനിന്നു? ഇവന് കിട്ടിയ ഈ ജ്ഞാനവും ഇവന്റെ കയ്യാൽ നടക്കുന്ന വീര്യപ്രവൃത്തികളും എന്ത്? ഇവൻ മറിയയുടെ മകനും, യാക്കോബ് യോസേ, യൂദാ, ശിമോൻ എന്നവരുടെ സഹോദരനുമായ തച്ചനല്ലയൊ? ഇവന്റെ സഹോദരികളും ഇവിടെ നമ്മോടുകുടെ ഇല്ലയൊ എന്നും പറഞ്ഞു. അവങ്കൽ ഇടറിപ്പോയി. യേശു അവരോടു: ഒരു പ്രവാചകൻ തന്റെ പിതൃഭവനത്തിലും, ചർച്ചക്കാരുടെ ഇടയിലും, സ്വന്തഭവനത്തിലും അല്ലാതെ ബഹുമാനമില്ലാത്തവൻ അല്ല എന്നു പറഞ്ഞു. ഏതാനും ചില രോഗികളുടെ മേൽ കൈവച്ചു സൗഖ്യം വരുത്തിയതല്ലാതെ അവിടെ വീര്യപ്രവൃത്തി ഒന്നും ചെയ്‌വാൻ കഴിഞ്ഞില്ല. അവരുടെ അവിശ്വാസം ഹേതുവായി അവൻ ആശ്ചര്യപ്പെട്ടു (മർക്കോ 6:1-6).

യേശുവിന് അവിടെ അത്ഭുതം ചെയ്യാൻ കഴിഞ്ഞില്ല എന്ന് മർക്കോസ് പറയുന്നു. എന്തുകൊ? കാരണം നസറേത്തുകാർക്ക്

വിശ്വാസമില്ലായിരുന്നു. ദൈവത്തിന്റെ അഭിഷക്ത മകനായിട്ടല്ല ഒരു ആശാരിയുടെ മകനായിട്ടാണ് യേശുവിനെ നസ്റേത്തുകാർ കത്. യേശു അരുളി ചെയ്തു. ഒരു പ്രവാചകൻ തന്റെ പിതൃനഗരത്തിലും ചാർച്ചക്കാരുടെ ഇടയിലും സ്വന്തഭവനത്തിലും അല്ലാതെ ബഹുമാനമില്ലാത്തവൻ അല്ല (മാർക്കോ 6:4) തത്ഫലമായി നിസാര രോഗികളായ ചിലരെയൊക്കെ യേശു സൗഖ്യമാക്കി (ഒരു തർജ്ജമയിൽ ഇങ്ങനെ കാണുന്നു) യേശു അത്ഭുതങ്ങളും രോഗശാന്തിയും എറ്റവും കൂടുതൽ ചെയ്യുവാൻ കടപ്പെട്ടിരുന്നത് താൻ ഏറ്റവും കൂടുതൽ കാലം പാർത്ത പട്ടണം തന്നെ ആയിരിക്കണമായിരുന്നു. എന്നാൽ യേശുവിന് അതിന് കഴിഞ്ഞില്ല എന്നു വചനം പറയുന്നു.

## ലൂക്കോസിൽനിന്ന് കൂടുതൽ തെളിവുകൾ
## (More Insight from Luke)

യേശു സൗഖ്യം നൽകിയത് പ്രാഥമികമായി ര് രീതിയിലാണ്:

1) രോഗികൾക്ക് സൗഖ്യം ലഭിക്കുവാൻ തക്ക വിശ്വാസം ഉാകാൻ വചനം പഠിപ്പിച്ചു രോഗികളെ പ്രോത്സാഹിപ്പിച്ചു. 2) പരിശുദ്ധാത്മാവ് ഇച്ഛിച്ചതു പോലെ രോഗശാന്തിവരം പ്രയോഗിച്ചു.

രോഗശാന്തി ശുശ്രൂഷയിൽ യേശു രുവിധത്തിൽ നിയന്ത്രിക്കപ്പെട്ടു. 1) രോഗികളുടെ അവിശ്വാസം. (2) രോഗശാന്തിവരം വെളിവാക്കുന്ന പരിശുദ്ധാത്മാവിന്റെ ഇച്ഛ.

യേശുവിന്റെ പിതൃനഗരത്തിലുള്ള ഭൂരിഭാഗം ജനത്തിനും അവനിൽ വിശ്വാസമില്ലായിരുന്നു. മറ്റു പല പട്ടണങ്ങളിലും യേശു അത്ഭുതരോഗ സൗഖ്യം നടത്തിയെന്ന് അവർ കേട്ടിട്ടും യേശുവിന് രോഗം സൗഖ്യമാക്കാനുള്ള ശക്തിയുന്നെ് അവർ വിശ്വസിച്ചില്ല. തന്മൂലം യേശുവിന് അവരെ സൗഖ്യമാക്കാൻ കഴിഞ്ഞില്ല. പരിശുദ്ധാത്മാവ് രോഗസൗഖ്യം എന്നവരം നസ്രേത്തിൽ പ്രകടമാക്കാൻ യേശുവിനെ അനുവദിച്ചില്ല. അതിന്റെ കാരണം ആർക്കും അറിയില്ല.

യേശു നസ്രേത്ത് സന്ദർശിച്ചപ്പോൾ സംഭവിച്ചത് മർക്കോസിനേക്കാൾ വ്യക്തമായി ലൂക്കോസ് വിവരിക്കുന്നു.

> അവൻ വളർന്ന നസ്രേത്തിൽ വന്നു ശബ്ബത്തിൽ പതിവു പോലെ പള്ളിയിൽ ചെന്നു വായിപ്പാൻ എഴുന്നേറ്റുനിന്നു. യെശയ്യാ പ്രവാചകന്റെ പുസ്തകം അവനു കൊടുത്തു. അവൻ പുസ്തകം വിടർത്തി. ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെമേൽ ഉ്; ബദ്ധന്മാർക്കു വിടുതലും, കുരുടന്മാർക്ക് കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു എന്ന്

എഴുതിയിരിക്കുന്ന ഭാഗം കു. പിന്നെ അവൻ പുസ്തകം ശുശ്രൂഷക്കാരനു മടക്കിക്കൊടുത്തിട്ട് ഇരുന്നു. പള്ളിയിലുള്ള എല്ലാവരുടേയും കണ്ണ് അവങ്കൽ പതിഞ്ഞിരുന്നു. അവൻ അവരോട് ഇന്ന് നിങ്ങൾ എന്റെ വചനം കേൾക്കയിൽ ഈ തിരുവെഴുത്തിന് നിവൃത്തി വന്നിരിക്കുന്നു എന്നു പറഞ്ഞു തുടങ്ങി. എല്ലാവരും അവനെ പുകഴ്ത്തി. അവന്റെ വായിൽനിന്നു പുറപ്പെട്ട ലാവണ്യ വാക്കുകൾ നിമിത്തം ആശ്ചര്യപ്പെട്ടു. ഇവൻ യോസേഫിന്റെ മകൻ അല്ലയോ എന്നു പറഞ്ഞു (ലൂക്കോ 4:16-22).

യെശയ്യാപ്രവചനത്തിൽ പ്രസ്താവിച്ചിരിക്കുന്ന വാഗ്ദത്ത അഭിഷക്തൻ താനാണെന്ന് യിസ്രായേൽ ജനം വിശ്വസിക്കണം തന്മൂലം യേശുവിലുള്ള അഭിഷേകത്തിന്റെ ഗുണങ്ങളും, യെശയ്യാ പ്രവചനത്തിൽ പ റഞ്ഞിരിക്കുന്ന ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു കാഴ്ചയും അവർ പ്രാപിക്കണമെന്ന് യേശു ആഗ്രഹിച്ചു.[59]

യേശുവിന്റെ ലാവണ്യ വാക്കുകൾ അവരെ ആകർഷിച്ചു പക്ഷേ യേശുവിനെ അവർ വിശ്വസിച്ചില്ല, ജോസഫിന്റെ പുത്രന് എന്തെങ്കിലും പ്രത്യേകത ഉള്ളതായി അവർ അംഗീകരിച്ചില്ല. അവരുടെ അവിശ്വാസം കിട്ട് യേശു പറഞ്ഞു.

വൈദ്യാ! നിന്നെത്തന്നെ സൗഖ്യമാക്കുക എന്നുള്ള പഴഞ്ചൊല്ലും കഫർന്നഹൂമിൽ ഉായി കേട്ടതു എല്ലാം ഈ നിന്റെ പിതൃനഗരത്തിലും ചെയ്ക എന്നും നിങ്ങൾ എന്നോടുപറയും നിശ്ചയം. ഒരു പ്രവാചകനും തന്റെ പിതൃനഗരത്തിൽ സമ്മതനല്ല എന്നും ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു (ലൂക്കോ 4: 23-24).

യേശു കഫർന്നഹൂവിൽ ചെയ്ത അത്ഭുതപ്രവർത്തികൾ തന്റെ പ ിതൃനഗരത്തിലും ചെയ്യുമോ എന്നുകാണാൻ അവർ കാത്തിരുന്നു. ആവരുടെ നിലപാട് വിശ്വാസത്തിന്റെതായിരുന്നില്ല, അവിശ്വാസത്തിന്റെതായിരുന്നു. അവരുടെ അവിശ്വാസം നിമിത്തം അത്ഭുതങ്ങളും വലിയ വിടുതലും അവിടെ നടന്നില്ല.

---

59 . ഇതെല്ലാം ജഡീകസൗഖ്യത്തെക്കുറിച്ചുള്ള പ്രതിപാദ്യമാണ്. നസറായനായ യേശുവിനെ ദൈവം പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തു ദൈവം അവനോടുകൂടെ ഇരുന്നതുകൊു അവൻ നന്മചെയ്തും പിശാചുബാധിച്ചവരെ ഒക്കേയും സൗഖ്യമാക്കിയും കൊു സഞ്ചരിച്ചതുമായ വിവരം തന്നേ നിങ്ങൾ അറിയുന്നുവല്ലോ (അപ്ര 10:38).

## നസ്രേത്തിൽ യേശുവിനുായ മറ്റു പരിമിതികൾ
## (Jesus's Other Limitations in Nasreth)

പരിശുദ്ധാത്മാവിന്റെ സൗഖ്യദായക വരം പ്രവർത്തിക്കാൻ കഴിയാതെവണ്ണം താൻ നിയന്ത്രിക്കപ്പെട്ടു എന്ന് യേശു നസ്രേത്തിലുള്ള ജനത്തോടു വെളിപ്പെടുത്തുന്നു.

> ഏലിയാവിന്റെ കാലത്ത് ആകാശം മൂവാും ആറുമാസവും അടഞ്ഞിട്ടു ദേശത്തെങ്ങും മഹാ ക്ഷാമം ഉായപ്പോൾ യിസ്രായേലിൽ പല വിധമാർ ഉായിരുന്നു എന്നു ഞാൻ യഥാർത്ഥമായി നിങ്ങളോടു പറയുന്നു. എന്നാൽ സീദോനിലെ സരെപ്തയിൽ ഒരു വിധവയുടെ അടുക്കലേക്കല്ലാതെ അവരിൽ ആരുടേയും അടുക്കലേക്ക് ഏലിയാവിനെ അയച്ചില്ല. അവണ്ണം ഏലിശാ പ്രാവാചകന്റെ കാലത്തു യിസ്രായേലിൽ പല കുഷ്ടരോഗികൾ ഉായിരുന്നു, സുറിയക്കാരനായ നയമാൻ അല്ലാതെ അവരാരും ശുദ്ധമായില്ല എന്നും അവൻ പറഞ്ഞു (ലൂക്കോ 14: 25–27).

യിസ്രായേലിൽ മൂന്നു വർഷം കഠിന ക്ഷാമമുായപ്പോൾ ഏലിശായുടെ ഇഷ്ടപ്രകാരം അവിടുത്തെ വിധവകളെയെല്ലാം പോഷിപ്പിക്കാൻ എണ്ണയും മാവും വർദ്ധിപ്പിക്കാൻ ഏലിശാക്ക് കഴിഞ്ഞില്ലായെന്നു യേശു ഊന്നിപ്പറയുന്നു (1 രാജ 17:9–19).

ത്യാഗപൂർണ്ണമായ ജീവിതം നയിക്കുന്ന നിരവധി വിധവകൾ യിസ്രായേലിലുായിരുന്നിട്ടും യിസ്രായേൽ അല്ലാത്ത ഒരു വിധവയെ സഹായിക്കാനാണ് പരിശുദ്ധാത്മാവ് ഏലിശായെ അഭിഷേകം ചെയ്തത്. അതുപോലെ തന്റെ ഇഷ്ടപ്രകാരം ഏതെങ്കിലും ഒരു കുഷ്ടരോഗിയെ അല്ല ഏലിശാ ശുദ്ധനാക്കിയത് നയമാൻ സൗഖ്യം പ്രാപിച്ചപ്പോൾ യിസ്രായേലിൽ നിരവധി കുഷ്ടരോഗികൾ ഉായിരുന്നു. തന്റെ ഹിതപ്രകാരം കുഷ്ടരോഗികളെ സൗഖ്യമാക്കാൻ കഴിയുമായിരുന്നെങ്കിൽ, വിഗ്രഹാരാധിയായ നയമാനെ സൗഖ്യമാക്കുന്നതിലുപരി, ഏലിശാ യിസ്രായേല്യരായ കുഷ്ടരോഗികളെ സൗഖ്യമാക്കുമായിരുന്നു (2 രാജ 5:1–14).

ഏലിയാവും ഏലിശായും പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ട പ്രവാചകന്മാരായിരുന്നു. പരിശുദ്ധാത്മാവിന്റ ഹിതപ്രകാരം പരിശുദ്ധാത്മാവിന്റെ വിവിധ വരങ്ങൾ അവരിലൂടെ പ്രവർത്തിച്ചിരുന്നു. എന്തുകൊ് ദൈവം ഏലിശായെ മറ്റൊരു വിധവയുടെ അടുത്തേക്കുവിട്ടില്ല? എനിക്കറിയില്ല. എന്തുകൊ് ദൈവം ഏലിശായെ മറ്റൊരു കുഷ്ടരോഗിയെ സൗഖ്യമാക്കാൻ അയച്ചില്ല. അതും എനിക്കറിയില്ല. ആർക്കും അറിയില്ല. ദൈവം മാത്രം അറിയുന്നു.

ഓരോ വിധവയുടെയും ആവശ്യത്തെ നിവർത്തിക്കുക, ഓരോ കുഷ്ട രോഗിയേയും സൗഖ്യമാക്കുക എന്നത് ദൈവത്തിന്റെ ഇഷ്ടമായിരുന്നില്ല എന്നതിന് തെളിവായി പഴയ നിയമത്തിലെ ഈ രു കഥകളെ കണക്കാക്കാൻ കഴിയുകയില്ല. യിസ്രായേൽ ജനവും അവരുടെ നീതികെട്ട രാജാവായിരുന്ന ആഹാബും അവരുടെ പാപങ്ങളെ ഏറ്റു പറഞ്ഞ് അനുതപിച്ചിരുന്നെങ്കിൽ

അവരുടെ മേൽ ശാപമായിത്തീർന്ന ക്ഷാമത്തിൽനിന്നും അവർക്കു മോചനം ലഭിക്കുമായിരുന്നു. ആ ക്ഷാമം തീർച്ചയായും ദൈവത്തിന്റെ ന്യായവിധി യുടെ മറ്റൊരു രൂപമായിരുന്നു. ദൈവം നൽകിയ ഉടമ്പടി പാലിക്കുവാൻ അവർ തയ്യാറായിരുന്നെങ്കിൽ യിസ്രായേലിൽ ഉായിരുന്ന എല്ലാ കുഷ്ടരോഗി കൾക്കും സൗഖ്യം പ്രാപിക്കാമായിരുന്നു. കാരണം നാം കതുപേലെ ഈ സൗഖ്യം ദേഹസൗഖ്യത്തിൽ പെട്ടതായിരുന്നു..

ഏലിശായേയും ഏലിയാവിനേയും പോലെ യേശുവും നസ്രേത്തിലെ ജനത്തിന് വിടുതൽ കൊടുക്കാൻ കഴിയാതെ ചില നിയന്ത്രണത്തിന്റെ പരിധി യിലായിരുന്നു. നസ്രത്തിൽ സൗഖ്യത്തിന്റെ ആത്മാവ് വ്യാപരിക്കുവാൻ പരി ശുദ്ധാത്മാവ് യേശുവിനെ അനുവദിച്ചില്ല. യേശുവിന്റെ പിതൃനഗരമായ നസ്രേത്തിലെ ജനത്തിന്റെ അവിശ്വാസംമൂലം ഒരു വീര്യ പ്രവർത്തിയും അവിടെ നടന്നില്ല.

## ''യേശുവിലൂടെ നടന്ന രോഗസൗഖ്യം'' ഒരു വീക്ഷണം
## (A Look at "On Gift of Healing Through Jesus")

സുവിശേഷത്തിൽ യേശുവിലൂടെ നടന്ന വിവിധ രോഗ സൗഖ്യ ത്തിന്റെ കണക്കുകൾ പരിശോധിച്ചാൽ, രോഗസൗഖ്യത്തിൽ ഭൂരിഭാഗവും സംഭവിച്ചത് രോഗസൗഖ്യവരത്തിലൂടെയല്ല, രോഗികളുടെ വിശ്വാത്തിലൂടെയാ ണ് എന്നു കാണാം. ഈ രുരോഗസൗഖ്യങ്ങളുടേയും വ്യത്യാസം ഉദാഹരണ ങ്ങൾ സഹിതം നോക്കാം. ആദ്യമായി ബെഥെസ്ദാ കുളക്കടവിൽ കിടന്ന മുടന്തൻ സൗഖ്യം പ്രാപിച്ചത് അവന്റെ വിശ്വാസം മൂലമല്ല, യേശുവിലൂടെ പ്രവർത്തിച്ച സൗഖ്യത്തിന്റെ വരം മൂലമാണ്.

> യറുശലേമിൽ ആട്ടുവാതില്ക്കൽ ബെഥെസ്ദ എന്നു എബ്രായ പേ രുള്ള ഒരു കുളം ു്. അതിന് അഞ്ചു മണ്ഡപം ു്. അവിടെവ്യാധിക്കാർ, കുരുടർ, മുടന്തർ, ക്ഷയരോഗികൾ, ഇങ്ങനെ വലിയൊരുകൂട്ടം (വെള്ള ത്തിന്റെ ഇളക്കം കാത്തുകൊ്) കിടന്നിരുന്നു. അതാതു സമയത്തു ഒരു ദൂതൻ കുളത്തിൽ ഇറങ്ങി വെള്ളം കലക്കും. വെള്ളം കലങ്ങിയശേഷം ആദ്യം ഇറങ്ങുന്നവൻ ഏതു വ്യാധി പിടിച്ചവനായിരുന്നാലും അവന് സൗഖ്യം വരും. എന്നാൽ മുപ്പത്തിയെട്ടു ആു രോഗം പിടിച്ചുകിടന്ന
> ഒരു മനുഷ്യൻ അവിടെ ഉായിരുന്നു. അവൻ കിടക്കുന്നത് യേശു കു. ഇങ്ങനെ ഏറിയ കാലമായിരിക്കുന്നു എന്നറിഞ്ഞ്, നിനക്ക് സൗ ഖ്യമാകുവാൻ മനസ്സുാേ എന്ന് അവനോടു ചോദിച്ചു. രോഗി അവ നോടു: യജമാനനെ, വെള്ളം കലങ്ങുമ്പോൾ എന്നെ കുളത്തിൽ ആക്കുവാൻ എനിക്ക് ആരും ഇല്ല. ഞാൻ തന്നെ ചെല്ലുമ്പോൾ മറ്റൊരു ത്തൻ എനിക്കുമുമ്പെ ഇറങ്ങുന്നു എന്നും ഉത്തരം പറഞ്ഞു. യേശു അവനോടു എഴുന്നേറ്റു നിന്റെ കിടക്ക എടുത്തു നടക്ക എന്നു പ റഞ്ഞു. ഉടനെ ആ മനുഷ്യൻ സൗഖ്യമായി കിടക്ക എടുത്തു നടന്നു.

ഈ മനുഷ്യൻ വിശ്വാസത്താലല്ല, പരിശുദ്ധാത്മാവിന്റെ സൗഖ്യദായക വരത്തിലുടെയാണ് സൗഖ്യമായതെന്ന് എങ്ങിനെ മനസ്സിലാക്കാം? പല സൂചനകൾ അതിനു്.

**ഒന്ന്**

ഈ മനുഷ്യൻ യേശുവിനെ തേടുകയായിരുന്നില്ല. യേശു അവനെ തേടി കുളക്കടവിൽ എത്തുകയായിരുന്നു. ഈ മനുഷ്യൻ യേശുവിനെ തേടിയതായിരുന്നെങ്കിൽ അത് അവന്റെ ഭാഗത്തുനിന്നുായ അവന്റ വിശ്വാസത്തിന്റെ തെളിവായികാണക്കാക്കാമായിരുന്നു.

**ര്**

യേശു രോഗികളെ സൗഖ്യമാക്കുമ്പോൾ പറയാറുള്ളതുപോലെ, അവന്റെ വിശ്വാസത്താൽ അവൻ സൗഖ്യം പ്രാപിച്ചിരിക്കുന്നു എന്നു പറഞ്ഞില്ല.

**മൂന്ന്**

സൗഖ്യം പ്രാപിച്ച മനുഷ്യനോട്, കിടക്ക എടുത്ത് നടക്ക എന്നു ആരാണ് നിന്നോട് പറഞ്ഞതെന്ന് യഹൂദന്മാർ ചോദിച്ചപ്പോൾ ആ മനുഷ്യൻ ആരെന്നുപോലും അറിയില്ലായെന്ന് അവൻ പറഞ്ഞു. തീർച്ചയായും യേശുവിലുള്ള വിശ്വാസമല്ല അവന്റെ സൗഖ്യ കാരണം, പരിശുദ്ധാത്മാവിന്റെ സൗഖ്യദായക വരത്തിന്റെ ഹിതകരമായ പ്രവർത്തിമൂലമാണ് സൗഖ്യം ലഭിച്ചത്. കുളം കലങ്ങുന്നതും കാത്ത് അനേകരോഗികൾ അവിടെ കിടന്നെങ്കിലും ഒരുവനെ മാത്രമാണ് യേശു സൗഖ്യമാക്കിയത്. ബാക്കിയുള്ള അസംഖ്യം രോഗികൾ അവരുടെ രോഗാവസ്ഥയിൽതന്നെ അവിടെ ഉായിരുന്നു. എന്താണ് ഇതിന്റെ കാരണം? വീും പറയട്ടെ എനിക്കറിയില്ല. ഈ സംഭവം ചിലർ രോഗികളായിരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു എന്നതിന് തെളിവല്ല. രോഗാവസ്ഥയിലായിരിക്കുന്ന ഏതു രോഗിക്കും വിശ്വാസം മൂലം രോഗ സൗഖ്യം പ്രാപിക്കാൻ കഴിയുമായിരുന്നു. ഈ വ്യക്തിയുടെ അത്ഭുതകരമായ രോഗ സൗഖ്യത്തിലുടെ മറ്റുള്ള രോഗികളുടെ ശ്രദ്ധ യേശുവിങ്കലേക്ക് തിരിക്കപ്പെട്ടു. വിശ്വസിച്ചാൽ യേശുവിന് അവരെ സൗഖ്യപ്പെടുത്തുവാനും അവർക്ക് സൗഖ്യം പ്രാപിക്കുവാനും കഴിയുമെന്ന് ഉത്ബോധിപ്പിക്കുകയായിരുന്നു.

രോഗസൗഖ്യത്തെ പലപ്പോഴും അത്ഭുതങ്ങളും അടയാളങ്ങളും എന്ന പട്ടികയിൽ ഉൾപ്പെടുത്തി യേശുവിങ്കലേക്കു ആകർഷിക്കപ്പെടുവാനുള്ള അത്ഭുതങ്ങളായിട്ടാണ് കണക്കാക്കപ്പെടുന്നത്. അതുകൊാണ് ഫിലിപ്പോസിനെപ്പോലുള്ള പുതിയനിയമ വിശ്വാസികൾ രോഗസൗഖ്യത്തിന്റെ വരങ്ങൾ പ്രാപിക്കയും അവരിലൂടെ നടക്കുന്ന അത്ഭുതങ്ങൾ അവരുടെ സുവിശേഷ ഘോഷണത്തിന് പിൻബലമായി തീരുകയും ചെയ്യുന്നത് (അ.പ്ര.8:5-8).

രോഗികളായ വിശ്വാസികൾ രോഗസൗഖ്യവരപ്രാപ്തരായവർ വന്നു സൗഖ്യം കൊടുക്കാൻ വേി കാത്തിരിക്കേ ആവശ്യമില്ല കാരണം അങ്ങനെ ഒരു വ്യക്തിയോ വരമോ വരാതിരിക്കാം യേശുവിലുള്ള വിശ്വാസത്തിലുടെ രോഗസൗഖ്യം ലഭ്യമാണ്. രോഗസൗഖ്യ വരത്തിലുടെ എല്ലാവരും സൗഖ്യം പ്രാപിക്കുന്നില്ലെങ്കിലും ഓരോരുത്തർക്കും അവനവന്റെ വിശ്വാസത്താൻ സൗഖ്യം പ്രാപിക്കുവാൻ കഴിയും. രോഗസൗഖ്യം പ്രാഥമികമായിത്തന്നെ സഭകളിലുള്ളതാണ് തന്മൂലം അവിശ്വാസികളും സൗഖ്യം പ്രാപിച്ച് സുവിശേഷത്തിലേക്ക് ആകർഷിക്കപ്പെടുകയും ചെയ്യുന്നു. വിശ്വാസികൾ സൗഖ്യദായകവരത്തിലൂടെ സൗഖ്യമാകുകയില്ലായെന്ന് പറയുകയല്ലാ. ദൈവം തന്റെ മക്കളിൽ നിന്ന് ആഗ്രഹിക്കുന്നത് അവർ വിശ്വാസം മൂലം സൗഖ്യം പ്രാപിക്കണമെന്നതാണ്.

## വിശ്വാസത്താൽ രോഗസൗഖ്യം പ്രാപിച്ച ഒരു മനുഷ്യന്റെ ഉദാഹരണം

## (One Example of a Person Healed by Faith)

യേശുവിൽ വിശ്വസിച്ചതുകൊ് അന്ധനായിരുന്ന ബർത്തിമായി സൗഖ്യം പ്രാപിച്ചു. മർക്കോസിന്റെ സുവിശേഷത്തിൽ അത് വായിക്കാം.

> അവർ യെരീഹോവിൽ എത്തി; പിന്നെ അവൻ ശിഷ്യന്മാരോടും വലിയ പുരുഷാരത്തോടും കൂടെ യെരീഹോവിൽനിന്നു പുറപ്പെടുമ്പോൾ തിമായിയുടെ മകനായ ബർത്തിമായി എന്ന കുരുടനായ ഒരു ഭിക്ഷക്കാരൻ വഴിയരികെ ഇരുന്നിരുന്നു. നസറായനായ യേശു എന്നു കേട്ടിട്ടു അവൻ ദാവീദ് പുത്രാ, യേശുവേ, എന്നോടു കരുണ തോന്നേണമേ എന്നു നിലവിളിച്ചുതുടങ്ങി. മിാതിരിപ്പാൻ പലരും അവനെ ശാസിച്ചിട്ടും ദാവീദ് പുത്രാ, എന്നോടു കരുണ തോന്നേണമേ എന്നു അവൻ ഏറ്റവും അധികം നിലവിളിച്ചു പറഞ്ഞു. അപ്പോൾ യേശു നിന്നു. അവനെ വിളിപ്പിൻ എന്നു പറഞ്ഞു. ധൈര്യപ്പെടുക, എഴുന്നേല്ക്കുക, യേശു നിന്നെ വിളിക്കുന്നു എന്നു അവർ പറഞ്ഞു, കുരുടനെ വിളിച്ചു. അവൻ തന്റെ പുതപ്പു ഇട്ടും കളഞ്ഞു ചാടിയെഴുന്നേറ്റു യേശുവിന്റെ അടുക്കൽ വന്നു. യേശു അവനോട് ഞാൻ നിനക്ക് എന്തു ചെയ്തുതരേണമെന്ന് നീ ഇച്ഛിക്കുന്നു എന്നുചോദിച്ചതിന്നു: റബ്ബുനീ എനിക്ക് കാഴ്ച പ്രാപിക്കണമെന്നു കുരുടൻ അവനോടുപറഞ്ഞു. യേശു അവനോട് പോക, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു എന്നു പറഞ്ഞു. ഉടനെ അവൻ കാഴ്ച പ്രാപിച്ചു യാത്രയിൽ അവനെ അനുഗമിച്ചു (മർക്കോ 10:46-52).

**ഒന്നാമതായി ശ്രദ്ധിക്കുക**

യേശു ബർത്തിമായിയെ തേടിയെത്തിയതല്ല (ബെഥെസ്ദാ കുളക്കട വിൽ കിടന്ന മനുഷ്യന് സംഭവിച്ചതിന്റെ നേർ വിവരീതമായിട്ടാണ് ഇവിടെ സംഭവിക്കുന്നത്). യേശു വേഗത്തിൽ നടന്നുപോകുകയായിരുന്നു. ബർത്തി മായി ഉറക്കെ നിലവിളിക്കാതിരുന്നെങ്കിൽ, യേശു അങ്ങനെതന്നെ നടന്നകലു മായിരുന്നു. തന്മൂലം ബർത്തിമായി സൗഖ്യം പ്രാപിക്കുകയില്ലായിരുന്നു.

എന്നെ സൗഖ്യമാക്കാൻ യേശുവിന് ഇഷ്ടമാണെങ്കിൽ, അവൻ വന്നു എന്നെ സൗഖ്യമാക്കട്ടെ എന്ന് പറഞ്ഞ് ബർത്തിമായി അവിടെത്തന്നെ ഇരുന്ന് തന്നോടുതന്നെ ഇങ്ങനെ പറഞ്ഞിരുന്നെങ്കിൽ എന്തു സംഭവിക്കുമാ യിരുന്നു എന്ന് ചിന്തിച്ചുനോക്കൂ. ബർത്തിമായി സൗഖ്യമാകുന്നതിൽ യേശു വിനു മനസ്സായിരുന്നെങ്കിൽപോലും ബർത്തിമായി സൗഖ്യം പ്രാപിക്കുകയി ല്ലായിരുന്നു. യേശുവിനോടുള്ള അവന്റെ ഉച്ചത്തിലുള്ള നിലവിളി അവന്റെ വിശ്വാസത്തിന്റെ തെളിവാണ്.

**രാമതായി**

ചുറ്റും നിന്നവർ അവനെ ശാസിച്ചിട്ടും അവന്റെ തീഷ്ണത അടങ്ങി യില്ല. ആളുകൾ അവന് എത്രമാത്രം നിശബ്ദനാക്കാൻ ശ്രമിച്ചുവോ അത്ര മാത്രം ഉച്ചത്തിൽ അവൻ നിലവിളിച്ചു (മർക്കോ 10:48) ഇത് അവന്റെ വിശ്വാ സത്തെകാണിക്കുന്നു.

**മൂന്നാമതായി**

ബർത്തിമായിയുടെ ആദ്യനിലവിളിയെ യേശു ചെവികൊില്ല (നിലവി ളിയോടു യേശു പ്രതികിരിച്ചില്ല) കാരണം അവന്റെ വിശ്വാസത്തെ യേശു ശോധനചെയ്യുകയായിരുന്നു.

നിലവിളി ഒരു പ്രാവശ്യം കൊുതന്നെ അവസാനിപ്പിച്ചിരുന്നെങ്കിൽ അവന് സൗഖ്യം വരുകയില്ലായിരുന്നു. ഇതുപേലെ നാമും നമ്മുടെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കാതെ ഇരിക്കുന്നവേളകളിൽ നാം തുടർന്നും സഹിഷ്ണതയോടു പ്രാർത്ഥിക്കേതാണ്. നമ്മുടെ വിശ്വാസം ശോധന ചെയ്യ പ്പെടുമ്പോൾ, ചുറ്റുപാടുകളുടെ സമ്മർദ്ദത്തെ അതിജീവിച്ചു വിശ്വാസ ത്തോടും പ്രത്യാശയോടും നിലനല്കണം.

## ബർത്തിമായിയുടെ വിശ്വാസത്തിന്റെ മറ്റുചില തെളിവുകൾ (Further Indication of Bartimaeus' Faith)

വരിക എന്നു യേശു വിളിക്കുമ്പോൾ ബർത്തിമായി തന്റെ പുതപ്പ് എറിഞ്ഞു കളഞ്ഞ് യേശുവിന്റെ അടുക്കലേക്ക് ഓടിചെന്നതായി ബൈബിൾ വചനം പറയുന്നു. യേശുവിന്റെ കാലത്ത് അന്ധന്മാർ തിരിച്ചറിയപ്പെടുന്ന തിനായി പുതപ്പ് പുതച്ചിരുന്നു. ബർത്തിമായി തന്റെ പുതപ്പ് വലിച്ചെറിഞ്ഞ് ഓടി. കാരണം ഇനിമേൽ അവൻ അന്ധനല്ലായെന്ന് ദൃഢമായി അവൻ വിശ്വ സിച്ചു. ഇത് അവന്റെ വിശ്വാസത്തിന്റെ തീവ്രത വെളിവാക്കുന്നു.

ഇതുകൂടാതെ ബൈബിൾ പറയുന്നു ബർത്തിമായി തന്റെ പുതപ്പ് എറിഞ്ഞുകളഞ്ഞ് തുള്ളിച്ചാടി കാരണം തന്റെ ജിവിതത്തിൽ ഒരു നന്മ സംഭ വിക്കുവാൻ പോകുന്നു എന്ന് അവൻ വിശ്വസിച്ചു. രോഗസൗഖ്യം ലഭിക്കു മെന്ന് വിശ്വാസമുള്ള വ്യക്തികൾ ദൈവത്തോട് പ്രാർത്ഥിക്കുമ്പോൾ തീഷ്ണ മായ ഒരു ദൈവിക സാന്നിദ്ധ്യത്തിൽ അവർ എത്തിനില്ക്കുന്നു.

ശ്രദ്ധിക്കുക ബർത്തിമായിയുടെ വിശ്വാസത്തെ ഒരിക്കൽകൂടി യേശു ശോധനചെയ്യുന്നു. നിനക്ക് ഞാൻ എന്തു ചെയ്തുതരേണമെന്ന് യേശുവിന്റെ ചോദ്യത്തിന് അവൻ നൽകുന്ന മറുപടിയിർനിന്ന് യേശുവിന് അവനെ സൗഖ്യമാക്കാൻ കഴിയുമെന്നും അവന് സൗഖ്യം ലഭിക്കുമെന്നും അവൻ പരിപൂർണ്ണമായി വിശ്വസിച്ചിരുന്നു എന്നുമനസ്സിലാക്കാം.

**അവസാനമായി,** അവന്റെ വിശ്വാസമാണ് അവന് സൗഖ്യകാരണ മായതെന്നുപറയുന്നു. ബർത്തിമായി വിശ്വാസത്താൽ സൗഖ്യം പ്രാപിച്ചുവെ ങ്കിൽ. ഏതൊരാൾക്കും അങ്ങനെത്തന്നെ പ്രാപിക്കാം. കാരണം ദൈവത്തിന് വിവേചനമില്ല.

## തുടർമാന പഠനത്തിന്
## (For Further Study)

നാല് സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന യേശു ചെയ്ത ഇരുപത്തിഒന്ന് രോഗ സൗഖ്യത്തിന്റെ പട്ടിക താഴെ ചേർത്തിരിക്കുന്നു. തീർച്ചയായും യേശു ഇരുപത്തിഒന്നിൽ കൂടുതൽ രോഗികളെ സൗഖ്യമാക്കി, എന്നാൽ ഈ രോഗികളുടെ ചില പ്രത്യേകതകളും അവർ സൗഖ്യം പ്രാപിച്ച രീതികളും പ്രത്യേകം പരാമർശിച്ചിരിക്കുന്നു.

ഈ പട്ടികയെ രായി തരം തിരിച്ചിരിക്കുന്നു - വിശ്വാസത്താൻ സൗഖ്യം പ്രാപിച്ചവർ, രോഗശാന്തി വരത്താൽ സൗഖ്യം പ്രാപിച്ചവർ വിശ്വാസത്താൽ സൗഖ്യം പ്രാപിച്ചവരോട് യേശു അവരുടെ സൗഖ്യത്തെ പ ുറത്തു പറയരുതെന്ന് പറഞ്ഞിരുന്നു. ഇത് ഒരു വസ്തുത വെളിപ്പെടുത്തുന്നു, അവരുടെ രോഗസൗഖ്യം രോഗശാന്തി വരത്താലായിരുന്നില്ല. യേശുവി നേയോ സുവിശേഷത്തെയോ വെളിപ്പെടുത്താനായിരുന്നില്ല.

## വിശ്വാസം മൂലം സൗഖ്യം
## (Cases Where Faith or Believing is Mentioned as the Cause)

1. ശതാധിപന്റെ വേലക്കാരൻ.

   മത്താ 8:5-13 ലൂക്കോ 7:2-10.

   ‘‘നീ വിശ്വസിച്ചതുപോലെ നിനക്കുഭവിക്കട്ടെ.‘‘

2. മേൽക്കൂര പൊളിച്ച് ഇറക്കപ്പെട്ട പക്ഷവാതരോഗി.

   മത്താ 9:2-8, മർക്കോ 2:3-11 ലൂക്കോ 5: 18-26.

“അവരുടെ വിശ്വാസം കിട്ട് അവൻ പറഞ്ഞു. വീട്ടിലേക്ക് മടങ്ങിപ്പോകുക.”

3. യായിറോസിന്റെ മകൾ.

മത്താ 9:18–26, മർക്കോ 5:22–43 ലൂക്കോ 8: 41–56.

“ഭയപ്പെടാ. വിശ്വാസിക്കമാത്രം ചെയ്യുക. ഇത് ആരും അറിയരുത്. അവൻ അമർച്ചയായി കല്പിച്ചു.”

4. രക്തസ്രവക്കാരിയായ സ്ത്രീ.

മത്താ 9: 20–22. മർക്കോ 5:25–34. ലൂക്കോ 8:43–48.

“നിന്റെ വിശ്വാസം നിന്നെ സൗഖ്യമാക്കിയിരിക്കുന്നു.”

5. രു അന്ധന്മാർ

മത്തായി 9: 27–31.

“നിങ്ങളുടെ വിശ്വാസം പോലെ നിങ്ങൾക്ക് ഭവിക്കട്ടെ. നോക്ക് ഇത് ആരോടും പറയരുത്.”

6. അന്ധനായ ബർത്തിമായി

മർക്കോ 10: 46–52, ലൂക്കോ 18:35–43.

“നിന്റെ വിശ്വസം നിന്നെ സൗഖ്യമാക്കിയിരിക്കുന്നു.”

7. പത്തു കുഷ്ടരോഗികൾ.

ലൂക്കോ 17:12–17.

“നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു.”

8. പ്രമാണിയുടെ മകൻ

യോഹ 4:46–53.

“യേശു പറഞ്ഞ വാക്കുകൾ ആ മനുഷ്യൻ വിശ്വസിച്ചു.”

താഴെ കൊടുത്തിരിക്കുന്ന 4 സംഭവങ്ങളിൽ രോഗിയുടെ വിശ്വാസത്തെ പ്രതിപാദിച്ചിട്ടില്ല. എന്നാൽ തന്റെ വാക്കിലോ പ്രവർത്തിയിലൊ ഇത് വെളിവാക്കപ്പെടുന്നു. ഉദാഹരണത്തിന്, അന്ധനായ ബർത്തിമായി ചെയ്തതുപോലെ ര് അന്ധന്മാർ (10 പേരിൽ തഴെ) ഉറക്കെ നിലവിളിച്ചു. താഴെ കൊടുത്തിരിക്കുന്ന 4 ഉദാഹരണങ്ങളും യേശുവിനെ കത്തെിയത് ഇവരുടെ വിശ്വാസത്തിന്റെ വ്യക്തമായ സൂചനയാണ്. ഇതിൽ 4ൽ മൂന്നും അവർക്ക് എന്തുസംഭവിച്ചുഎന്ന് മറ്റുള്ളവരോടു പറയരുതെന്ന് യേശു കല്പിച്ചിരുന്നു. ഈ രോഗശാന്തി പരിശുദ്ധാത്മാവിന്റെ വരത്തിന്റെ ഫലത്താൽ ഉളവായതായിരുന്നില്ല.

9. ദൈവത്തിന്റെ ഇഷ്ടം അറിയാതിരുന്ന കുഷ്ടരോഗി.

മത്താ 8: 2-4, മർക്കോ 1:40-45 ലൂക്കോ 5:12-14

"നോക്ക്, ഇത് മറ്റാരോടും പറയരുത്."

10. ര് അന്ധന്മാർ (മിക്കവാറും ബർത്തിമായി ആയിരിക്കും)

മത്താ 20:30-34.

"അവർ ഉറക്കെ നിലവിളിച്ചു. ദാവീദുപുത്രാ ഞങ്ങളോടു മനസ്സലിയ ണമേ!"

11. ഊമനും ചെകിടനുമായ മനുഷ്യൻ

മർക്കോ 7.32-36.

"അവൻ അവരെ അമർച്ചയായി കല്പിച്ചു. മറ്റാരോടും പറയരുത്."

12. ഒരു അന്ധൻ

മർക്കോ 8:22-26.

"ഗ്രാമത്തിൽ കടക്കുക പോലും അരുത്."

താഴെ പറയുന്ന രു സംഭവങ്ങളിൽ വിശ്വാസത്തിലൂടെ സൗഖ്യം പ്രാപിക്കുകയായിരുന്നില്ല. പിശാചിൽനിന്നു മോചിക്കപ്പെടുമായിരുന്നു. അവരുടെ വിശ്വാസം മൂലം അവർ വിടുവിക്കപ്പെട്ടു എന്ന് യേശു പറയുന്നു.

13. ചന്ദ്രരോഗിയായ ബാലൻ

മത്താ 17:14-18 മർക്കോ 9:17-27 ലൂക്കോ 9:38-42.

"വിശ്വസിക്കുന്നവന് സകലവും കഴിയും എന്നു യേശു പറഞ്ഞു. പെട്ടെന്ന് ബാലന്റെ അപ്പൻ നിലവിളിച്ചു, കർത്താവേ ഞാൻ വിശ്വസിക്കുന്നു, എന്റെ അവിശ്വാസത്തെ പൊറുക്കേണമേ."

14. കനാന്യ സ്ത്രീയുടെ മകൾ

മത്താ 15:22-28. മർക്കോ 7:25-30.

"സ്ത്രീയെ നിന്റെ വിശ്വാസം വലിയതു നിന്റെ ഇഷ്ടം പോലെ നിനക്ക് ഭവിക്കട്ടെ എന്നു ഉത്തരം പറഞ്ഞു."

## രോഗശാന്തി വരത്തിലൂടെ സൗഖ്യം പ്രാപിച്ചതിന് ചില ഉദാഹരണങ്ങൾ
## (Cases of People Healed through Gifts of Healing)

ഇവിടെ പ്രതിപാദിക്കുന്ന 7 ഉദാഹരണങ്ങൾ (സംഭവങ്ങൾ) രോഗശാന്തി വരത്തിലുടെ ലഭിച്ച സൗഖ്യങ്ങളാണ്. ആദ്യത്തെ മൂന്നു എണ്ണം യേശുവിന്റെ ആജ്ഞയുടെ അനുസരണത്തിന്റെ ഫലമായുായ സൗഖ്യമാണ്. ഈ മൂന്ന് സൗഖ്യത്തിൽ ഒന്നിൽ സൗഖ്യം ലഭിച്ചവനോട് മറ്റാരോടും ഇത് പറയരുത് എന്നു യേശു പറയുന്നു.

15.കൈ വര മനുഷ്യൻ

മർക്കോ 3:1-5, മത്താ 12: 9-13, ലൂക്കോ 6:6-10.

"എഴുന്നേറ്റു വരുക, കൈ നീട്ടുക എന്നു പറഞ്ഞു."

16. ബെഥെസ്ദാ കുളക്കടവിൽ കിടന്ന രോഗി

യോഹ 5:2-9.

"എഴുന്നേറ്റു നിന്റെ കിടക്ക എടുത്തു നടക്ക."

17. ജന്മനാ കുരുടനായ ഒരു മനുഷ്യൻ

യോഹ 9:1-38.

"പോയി, ശിലോഹാം കുളത്തിൽ കഴുക എന്നു പറഞ്ഞു."

18. പത്രോസിന്റെ അമ്മാവിയമ്മ

മത്താ 8:14-15, മർക്കോ 1:30-31. ലൂക്കോ 4:38-39.

19. 18 വർഷമായി കൂനിയായിരുന്ന സ്ത്രീ

ലൂക്കോ 13:11-16,

20. മഹോദരമുള്ള മനുഷ്യന്റെ സൗഖ്യം

(ലൂക്കോ 14:2-4).

21. മഹാപുരോഹിതന്റെ ദാസൻ

ലൂക്കോ 22:50-51.

മുകളിൽ വിവരിച്ചിരിക്കുന്ന ഇരുപത്തിഒന്ന് ഉദാഹരണങ്ങളിൽ ഒന്നുപോലും മുതിർന്ന ഒരുവൻ മുതിർന്ന മറ്റൊരുവന്റെ വിശ്വാസംമൂലം സൗഖ്യം പ്രാപിച്ചതായികാണുന്നില്ല. ഒരുവന്റെ വിശ്വാസംകൊു മറ്റൊരുവൻ സൗഖ്യം പ്രാപിച്ചെങ്കിൽ കുട്ടികൾക്ക് അവരുടെ മാതാപിതാക്കളുടെ വിശ്വാസംകൊ് സൗഖ്യം പ്രാപിച്ചതായി കാണാം. (ഉദാ. 1, 3, 8, 13, 14).

ഇതിൽ വ്യത്യാസമെന്നു പറയാവുന്നത് ഒന്നും രും ഉദാഹരണങ്ങളാണ്. ശതാധിപന്റെ ദാസനും, മേൽക്കൂര പൊളിച്ച് ഇറക്കിയ പ ക്ഷവാത രോഗിയും. ശതാധിപന്റെ ദാസൻ എന്ന് വിവർത്തനം ചെയ്തിരിക്കുന്നത് പയിസ് എന്ന ഗ്രീക്ക് പദത്തിൽനിന്നാണ്. ഇതിന്റെ അർത്ഥം ബാലൻ എന്നാണ്. മത്താ 17:18 ഇത് ബാലൻ എന്ന് വിവർത്തനം ചെയ്തിരിക്കുന്നു. ആ മാത്രയിൽതന്നെ ബാലന് സൗഖ്യം ലഭിച്ചു.

ഇത് ശതാധിപന്റെ മകനല്ല, ദാസൻ ആണെങ്കിൽ ആ ദാസൻ ഒരു ബാനലായിരിക്കും. ഈ ശതാധിപൻ ആ ബാലന്റെ രക്ഷകർത്താവിന്റെ സ്ഥാനം ഉള്ളവനായതുകൊാണ് വിശ്വാസത്തെ ഏറ്റെടുത്ത് ആ ബാലന്റെ സൗഖ്യം കാംക്ഷിച്ചത്.

മേൽക്കൂര പൊളിച്ചിറക്കപ്പെട്ട പക്ഷവാത രോഗിയെസംബന്ധിച്ചിട ത്തോളം, ആ പക്ഷവാതരോഗിക്കും വിശ്വാസമുായിരുന്നു അല്ലെങ്കിൽ മേൽക്കൂര പൊളിച്ചുതന്നെ ഇറക്കുവാൻ അവൻ അനുവദിക്കുകയില്ലായിരുന്നു. ഇവൻ പൂർണ്ണമായും തന്റെ സുഹൃത്തുക്കളുടെ വിശ്വാസം മൂലം സൗഖ്യം പ്രാപിച്ചുവെന്ന് പറയാൻ കഴിയുകയില്ല. രോഗിയായ മുതിർന്ന ഒരുവൻ തന്റെ വിശ്വാസം കൂടാതെ മറ്റൊരു മുതിർന്ന വ്യക്തിയുടെ വിശ്വാസം കൊ് മാത്രം സൗഖ്യം പ്രാപിക്കുന്നുവെന്ന് കരുതാൻ കഴിയുകയില്ല. രോഗസൗഖ്യത്തിനായി ഒരുവൻ മറ്റൊരുനുവേി പ്രാർത്ഥിക്കാം എന്നാൽ രോഗിയുടെ അവിശ്വാസം രോഗിക്കുവേി പ്രാർത്ഥിക്കുന്ന വ്യക്തിയുടെ വിശ്വാസത്തിന്റെ ഫലത്തെ തടയുവാൻ ഇടയാകും.

നമ്മുടെ വിശ്വാസത്തിലൂടെ നമ്മുടെ കുഞ്ഞുങ്ങൾക്കുതന്നെ സൗഖ്യം ലഭിക്കുന്നത് അവരുടെ ഒരു പ്രായം വരെ മാത്രമെ സാദ്ധ്യമാകുകയുള്ളു. അവർ പക്വതയെത്തുന്ന പ്രായത്തിൽ അവരുടെ തന്നെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ അവർക്കു സൗഖ്യം കൊടുക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്.

മേൽ ഉദ്ധരിച്ചിരിക്കുന്ന ഉദാഹരണങ്ങൾ നിങ്ങളുടെ വേദ പ ുസ്തകത്തിൽ നിന്ന് വ്യക്തമായി പഠിച്ചു വിശ്വാസം വർദ്ധിപ്പിച്ച് ദൈവത്തിന്റെ സൗഖ്യദായക പ്രവർത്തിയുടെ പ്രത്യേകതകളെ മനസ്സിലാക്കാൻ ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.

### സൗഖ്യത്തിന്റെ അഭിഷേകം
### (The Healing Anointing)

അവസാനമായി, നാം അറിഞ്ഞിരിക്കേ പ്രധാന വസ്തുത എ ന്തന്നാൽ യേശുവിന്റെ ഭൗമിക ശുശ്രൂഷയിൽ യേശുവിന് തൊട്ടു സൗഖ്യം ന ൽകുവാൻ കഴിയുന്ന ശുശ്രൂഷയുടെ അഭിഷേകം ഉായിരുന്നു. സൗഖ്യമാ ക്കുന്ന അഭിഷേകത്തിന്റെ ശക്തി യേശുവിൽ നിന്ന് പുറപ്പെടുകയും, സൗഖ്യം പ്രാപിക്കുന്ന വ്യക്തിക്ക് അത് തന്റെ ശരീരത്തിൽ അനുഭവിച്ചറിയാനും കഴിയുമായിരുന്നു. ഉദാ. ലൂക്കോ 6:19 പറയുന്നു. ''ശക്തി അവനിൽനിന്ന് പ ുറപ്പെട്ടു എല്ലാവരേയും സൗഖ്യമാക്കുക കൊ് പുരുഷാരം ഒക്കെയും അവനെ തൊടുവാൻ ശ്രമിച്ചു.''

സൗഖ്യത്തിന്റെ അഭിഷേകം യേശുവിന്റെ വസ്ത്രത്തിനുപോലു മു ായിരുന്നു. രോഗികൾ വിശ്വാസത്തോടു യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങൽ എങ്കിലും തൊട്ടാൻ സൗഖ്യത്തിന്റെ അഭിഷേകം അവരുടെ ശരീരത്തിലേക്ക് വ്യാപിക്കുകയും അവർ സൗഖ്യം പ്രാപിക്കയും ചെയ്യുമെന്ന് അവർക്കറിയാമായിരുന്നു (മർക്കോ 6:56).

യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങലിലെങ്കിലും ഒന്നു തൊടുവാൻ വേി, യേശു കടന്നുപോയ പട്ടണങ്ങളിലും, ഗ്രാമങ്ങളിലും ച

ന്തസ്ഥലങ്ങളിലുമൊക്കെ രോഗികളെ കിടത്തി, യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങലിൽതൊട്ടവരൊക്കെയും സൗഖ്യം പ്രാപിക്കയും ചെയ്തു.

സൗഖ്യം ലഭിക്കുമെന്ന വിശ്വാസത്തോടെ യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങലിൽ തൊട്ട രക്തസ്രവക്കാരിയായ സ്ത്രീ സൗഖ്യം പ്രാപിച്ചു.

തന്റെ ശുശ്രൂഷയുടെ നാളുകളിൽ അപ്പോസ്തലനായ പൗലോസും യേശുവിനെ പോലെ തൊട്ടു സൗഖ്യമാക്കുന്ന അഭിഷേകത്താൽ നിറഞ്ഞവനായിരുന്നു.

> ദൈവം പൗലോസ് മുഖാന്തിരം അസാധാരണമായ വീര്യപ്രവർത്തികളെ ചെയ്യിക്കയാൽ അവന്റെ മെയ്മേൽനിന്നു റുമാലും ഉത്തരീയവും രോഗികളുടെ മേൽകൊു വന്നിടുകയും വ്യാധികൾ അവരെ വിട്ടുമാറുകയും ദുരാത്മാക്കൾ പുറപ്പെടുകയും ചെയ്തു (അപ്ര 19:11-12).

പൗലോസ് അണിഞ്ഞിരുന്ന വസ്ത്രത്തിനുപോലും തൊട്ടു സൗഖ്യമാക്കാനുള്ള അഭിഷേകം ഉായിരുന്നു. ഇതിൽനിന്നും അഭിഷക്തന്റെ വസ്ത്രത്തിനുപോലും സൗഖ്യദായക ശക്തിയുന്ന് മനസ്സിലാക്കാം.

യേശുവിന്റെയും പൗലോസിന്റെയും കാലഘട്ടത്തിൽ പ്രവർത്തിച്ച ദൈവിക ശക്തിക്ക് ഇന്നും മാറ്റമില്ല. അതുകൊ് ഇന്നു ദൈവത്തിന്റെ അഭിഷക്തനായ വേലക്കാരന് സൗഖ്യത്തിന്റെ, അഭിഷേകത്തിലൂടെ യേശുവിനേയും പൗലോസിനേയും പോലെ വിടുതലിൽ ശുശ്രൂഷ ചെയ്യാൻ ഇന്നും കഴിയും. ഈ വരങ്ങൾ അവകാശമായി പങ്കുവെക്കപ്പെടുകയല്ല, പ ിന്നെയോ വിശ്വസ്തതയോടെ സ്വാർത്ഥതയില്ലാതെ പ്രവർത്തിക്കുന്ന ദൈവദാസന്മാർക്കുള്ള അവകാശങ്ങളായി നിലകൊള്ളുന്നു.